(എഫ്)റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റിൽ പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ കോർപ്പറേഷന്റെയും സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെയും ആഭിമുഖ്യത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ പദ്ധതി ഉണ്ട്.

(ബി) പ്രകൃത്തിദത്തമായ റബ്ബറിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുകയും മൂല്യവർദ്ധനയുള്ള വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് റബ്ബർ പ്ലാന്റേഷനിൽ ഏർപ്പെട്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ റബ്ബറിന്റെ വിലയിടിവിൽ നിന്നും ഒരു പരിധിവരെ രക്ഷിക്കുകയുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇവരുൽപ്പാദിപ്പിക്കുന്ന റബ്ബർ വിപണിയിലെത്താതിരുന്നാൽ പൊതു വിപണിയിൽ റബ്ബർ വിലയിടിയാതിരിക്കുവാൻ സഹായകമാവും.

(സി) പത്തനാപുരം താലൂക്കിലാണ് സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. പ്ലാന്റേഷൻ കോർപ്പറേഷൻ ഇതിന് ഏറ്റവും അനുയോജ്യമായ സ്ഥലം അന്വേഷിച്ചുവരുന്നു.

(ഡി) മുഖ്യമായും വേണ്ടത്ര സ്വാഭാവിക റബ്ബർ കോർപ്പറേഷനുകളുടെ തോട്ടങ്ങളിൽനിന്നും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) കോർപ്പറേഷന്റെ വക തോട്ടങ്ങളിലെ റബ്ബർ തികയാതെ വരികയാണെങ്കിൽ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ വക തോട്ടങ്ങളിൽ നിന്നും കേരളത്തിലെ സ്വകാര്യ റബ്ബർ കർഷകരിൽ നിന്നും സംഭരിക്കുന്നതാണ്.

(എഫ്)സ്റ്റേറ്റ് ഫാമിംഗ് കോർപ്പേറേഷൻ ആരംഭിക്കാനുദ്ദേശിക്കുന്ന റബ്ബറധിഷ്ഠിത ഫാക്ടറിയിൽ പ്രത്യക്ഷമായി 69 പേർക്കും പരോക്ഷമായി അൻപതോളം പേർക്കും പ്ലാന്റേഷൻ കോർപ്പറേഷൻ ആരംഭിക്കാനുദ്ദേശിക്കുന്ന യൂണിറ്റിൽ 156 പേർക്ക് നേരിട്ടും ഉദ്ദേശം 150 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാവുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

18 (*224) പണമിടപാടു സ്ഥാപനങ്ങളുടെ പ്രവർത്തനം

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ ബാങ്കുകൾ, ദേശസാൽക്കൃത ബാങ്കുകൾ, സർക്കാർ ബാങ്കുകൾ തുടങ്ങിയ ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് പുറമേ പ്രവർത്തിച്ചുവരുന്ന പതിനായിരക്കണക്കിന് പണമിടപാട് സ്ഥാപനങ്ങളെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും സർക്കാരിന്റെ കൈവശം ലഭ്യമാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഭൂരിപക്ഷവും "ബ്ലേഡ് കമ്പനി" കളായാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയ്ക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയിൽ രജിസ്റ്റർ ചെയ്യാത്തവയുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) രജിസ്റ്റർ ചെയ്യാത്ത പണമിടപാട് സ്ഥാപനങ്ങളുടെ പേരിൽ എടുക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ഇ) ഈ പണമിടപാട് സ്ഥാപനങ്ങൾ ഈടാക്കുന്ന അമിതപലിശ നിരക്കുകളെപ്പറ്റി സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(എഫ്) ഇത്തരം സ്ഥാപനങ്ങൾ ഈടാക്കുന്ന കൊള്ളപലിശകൾ നിരോധിക്കാനും പലിശനൽകേണ്ട അധർമ്മണർമാരെ പലിശയിൽനിന്ന് മോചിപ്പിക്കാനും നിയമനടപടികൾ സ്വീകരിക്കാൻ കഴിയുമോ;

(ജി) അനധികൃത പലിശ നിരോധിച്ചുകൊണ്ടുള്ള ഒരു നിയമ നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 1958-ലെ കേരള മണിലെന്റേഴ്സ് നിയമമനുസരിച്ച് ലൈസെൻസെടുത്ത് പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലൈസൻസിംഗ് അധികാരികളായ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരുടെ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുണ്ട്. 31.3.99-ലെ കണക്കനുസരിച്ച് 7901 സ്ഥാപനങ്ങൾ കേരള മണി ലെന്റേഴ്സ് ആക്ട് പ്രകാരം ലൈസൻസ് എടുത്തു പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം 1958-ലെ കേരള മണി ലെന്റേഴ്സ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമാണ്. ഇതുപ്രകാരം കൊമേഴ്സ്യൽ ബാങ്കുകൾ അവർ നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശ നിരക്കിനേക്കാൾ 2% അധികമായ പലിശ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഇതിൽ കൂടുതൽ പലിശ ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഈടാക്കിയ അധിക പലിശയുടെ മൂന്നിരട്ടിവരെ പിഴ ചുമത്താവുന്നതാണ്.

(സി) തിട്ടപ്പെടുത്തിയിട്ടില്ല. ഇപ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെപ്പറ്റി ശ്രദ്ധയിൽപ്പെട്ടാൽ അവയെക്കൊണ്ട് ലൈസൻസ് എടുപ്പിക്കാനും അല്ലാത്തവർക്ക് എതിരേ മണിലെന്റേഴ്സ് ആക്ട് വകുപ്പ് 17,18, സി.ഡി. പ്രകാരം നടപടിയെടുക്കുന്നതുമാണ്.

(ഡി) കേരള മണിലെന്റേഴ്സ് ആക്ട് പ്രകാരം ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങൾ, ലൈസൻസ് എടുക്കാതെ നിയമവിരുദ്ധമായി ബിസിനസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ ടി നിയമത്തിലെ 17-ാം വകുപ്പുപ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത വകുപ്പു പ്രകാരം അത്തരം നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നവർക്ക് മൂന്നു വർഷം വരെ തടവുശിക്ഷയും അൻപതിനായിരം രൂപവരെ പിഴയും ചുമത്താവുന്നതാണ്.

കൂടാതെ വകുപ്പ് 18.സി.ഡി. എന്നിവ പ്രകാരം പിഴ ചുമത്താൻ ലൈസൻസിംഗ് അധികാരികൾക്ക് അധികാരമുണ്ട്. 18 സി. പ്രകാരം അയ്യായിരം രൂപവരെ പിഴ ചുമത്താവുന്നതാണ് കേരളമണിലെന്റേഴ്സ് ആക്ട് വകുപ്പ് 7(1) പ്രകാരം കൊമേഴ്സ്യൽ ബാങ്കുകൾ അവ നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്നതിനെക്കാൾ 2% അധികമായ പലിശ സ്വകാര്യപണമിടപാടുസ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഇതിൽ കൂടുതൽ പലിശ ഈടാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

തായി ശ്രദ്ധയിൽ പെട്ടാൽ അത്തരം ഈടാക്കിയ അധികപലിശയുടെ മൂന്നിര ട്ടിവരെ പിഴ ചുമത്താവുന്നതാണ്.

(ഇ) ഇല്ല.

(എഫ്) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പര മാവധി പലിശ വാണിജ്യ ബാങ്കുകൾ വായ്പയ്ക്ക് ഈടാക്കുന്ന പലിശയേ ക്കാൾ 2% ത്തിൽ കൂടരുതെന്ന് കേരള മണിലെന്റേഴ്സ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അധർമ്മണൻമാർ വായ്പയ്ക്ക് ഈ നിരക്കിൽകൂടുതൽ പലിശ നൽകാൻ ബാദ്ധ്യസ്ഥരല്ല. കൂടിയ നിരക്കിൽ പലിശ ആവശ്യപ്പെടുന്നുണ്ടെ ങ്കിൽ ആ വിവരം ലൈസൻസിംഗ് അതോറിറ്റിയെ യഥാസമയം അറിയിച്ചാൽ അധർമ്മണൻമാർ ഈ വിധത്തിൽ ചൂഷണം ചെയ്യപ്പെടുന്നതൊഴിവാക്കാൻ സാധിക്കും.

(ജി) കേരള മണി ലെന്റേഴ്സ് ആക്ടിൽ അനധികൃത പലിശ നിരോ ധിക്കാൻ ഇപ്പോൾത്തന്നെ വ്യവസ്ഥകളുണ്ട്.

19 (*225) സമഗ്ര വനവികസന പദ്ധതി

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. എൻ. കണ്ണൻ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്രവനവികസന പദ്ധതി നടപ്പാക്കിയി ട്ടുണ്ടോ; എങ്കിൽ എന്നു മുതൽ എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ലോകബാങ്ക് സഹായം ലഭ്യമാക്കിയിരുന്നോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന സമഗ്ര വനവികസന പദ്ധതി യുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഇ) വനവികസന പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടു ത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ)&(ബി) സമഗ്രമായ വനവികസനവും വനപരിപാലനവും ലക്ഷ്യ മാക്കി ലോകബാങ്ക് സഹായത്തോടെ കേരള ഫോറസ്ട്രി പ്രോജക്ട് എന്ന പദ്ധതി 1998-99 മുതൽ നടപ്പിലാക്കി വരുന്നു.

(സി) ഈ പദ്ധതിയ്ക്കുവേണ്ടിയുള്ള മൊത്ത അടങ്കൽ തുക 182.39 കോടി രൂപയാണ് ഇതിൽ 152.1 കോടി രൂപ (39 മില്യൻ യു.എസ്. ഡോളർ) ധനസഹായം ലോകബാങ്കിൽനിന്നും ലഭിക്കുന്നതാണ്. ഈ തുക ഭാരത സർക്കാർ 2008 മുതൽ 2033 വരെയുള്ള കാലയളവിൽ അർദ്ധ വാർഷിക ഗഡു ക്കളായി തിരിച്ചടയ്ക്കണം. ഇപ്രകാരം ലോകബാങ്കിൽ നിന്നും നൽകുന്ന സഹായം ഭാരത സർക്കാർ പദ്ധതിയിനത്തിൽ ഉൾക്കൊള്ളിച്ച് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly